**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ ഡൈനാമിക് ക്യൂ കൺട്രോൾ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിലും പമ്പയിലും വർദ്ധിച്ചുവരുന്ന തിരക്ക് കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ആധുനിക സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. CCTV ക്യാമറ സിസ്റ്റം, വെർച്ചൽ ക്യൂ സിസ്റ്റം, ക്യൂ കോംപ്ലക്സ് സിസ്റ്റം എന്നിവ നിലവിൽ സജ്ജമാണ്. ആയത് വിപുലീകരിക്കുന്നതിനും അധികമായി CCTV ക്യാമറകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും ക്യൂ കോംപ്ലക്സ് കാര്യക്ഷമമായി modify ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | മണിക്കൂറുകൾ നീളുന്ന കാത്തിരിപ്പില്ലാതെ ഭക്തജനങ്ങൾക്ക് പതിനെട്ടാം പടി കയറുന്നതിനും ദർശനം നടത്തുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഈ വർഷത്തെ മണ്ഡലകാലത്ത് ഒരുക്കിയത്; വിശദമാക്കുമോ; | (ബി) | ശബരിമല സന്ദർശിക്കുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ പ്രതിവർഷം ഉണ്ടാകുന്ന വർദ്ധനവ് മൂലം സന്നിധാനത്ത് തിരക്ക് വർദ്ധിക്കുകയും ദർശനത്തിനായി കാത്ത് നിൽക്കേണ്ടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതുമാണ്. തിരക്ക് വർദ്ധിച്ച സാഹചര്യത്തിൽ ഭക്തർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിനായി ക്ഷേത്രം തന്ത്രിയുടെ അനുമതിയോടു കൂടി ദർശന സമയം ഒരു മണിക്കൂർ വർദ്ധിപ്പിച്ചിരുന്നു. കൂടാതെ ക്യൂ കോംപ്ലക്സ് സിസ്റ്റം, ബാരിക്കേഡ് സിസ്റ്റം എന്നിവ സജ്ജീകരിക്കുകയും ഭക്തജനങ്ങളെ നിയന്ത്രിക്കുന്നതിനും അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധികമായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിരുന്നു. |
| (സി) | മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല സന്നിധാനത്തുണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിന് ഈ വർഷം നടപ്പിലാക്കിയ ഡൈനാമിക് ക്യൂ കൺട്രോൾ സംവിധാനം എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല സന്നിധാനത്ത് തിരക്ക് ഒഴിവാക്കുന്നതിന് നടപ്പിലാക്കിയ ഡയനാമിക് ക്യൂ കൺട്രോൾ സംവിധാനം ഭക്തജനങ്ങളുടെ അമിതമായ തിരക്ക് ഉണ്ടാകുന്ന സമയത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ തടസ്സം നേരിട്ടിരുന്നു. ആയതിനാൽ ക്യൂ കോംപ്ലക്സുകൾ ഭക്തർ ഉപയോഗിക്കുന്നത് |

| | | | |
|---|---|---|---|
| | | | അവരുടെ താല്പര്യപ്രകാരമാക്കുകയും ഭക്തജനങ്ങളെ മരക്കൂട്ടത്ത് നിന്നും ബാരിക്കേഡിന് അകത്തുകൂടി ശരംകുത്തി വഴി സന്നിധാനത്തേക്ക് കടത്തി വിടുകയുമാണ് ചെയ്തിരുന്നത്. |
| (ഡി) | ഭക്തജനങ്ങൾക്ക് ആകസ്മികമായി ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിന് പമ്പ മുതൽ സന്നിധാനം വരെയുള്ള ശരണപാതയിൽ എന്തെല്ലാം പുതിയ ആരോഗ്യരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | ഭക്തജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് കാർഡിയോളജിസ്റ്റ് ഉൾപ്പെടെയുള്ള ആശുപത്രി സംവിധാനങ്ങൾ പമ്പ, നിലയ്ക്കൽ, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്നു. സന്നിധാനത്തേക്ക് എത്തുന്ന ഭക്തരെ സഹായിക്കുന്നതിനായി പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും കാർഡിയോളജി സബ് സെന്ററുകളും പ്രവർത്തിച്ചിരുന്നു. പൂർണ്ണ സജ്ജീകരണങ്ങളുള്ള ആംബുലൻസ് സംവിധാനങ്ങൾ, ഹെൽത്ത് വോളണ്ടിയർമാർ എന്നിവരുടെ സേവനങ്ങൾ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ